**A**

**GI 605**

# പാദവർഷിക മൂല്യനിർണയം 2017–18

## സാമൂഹ്യശാസ്ത്രം

## ഉത്തരസൂചിക

സ്റ്റാൻഡേർഡ് - 6

സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കട്ടെ.
2. എട്ടു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്. അതിൽ ഏതെങ്കിലും ആറു പ്രവർത്തനങ്ങളാണ് കുട്ടികൾ ചെയ്യേണ്ടത്.
3. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ്. ആകെ 30 പോയിന്റ്. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം(a/b/c/d/e)
4. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം.ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ കൊടുക്കുന്നു.

---

**പ്രവർത്തനം : 1**

**പഠനനേട്ടം**

ഡൽഹി തലസ്ഥാനമാക്കി ഉയർന്നു വന്ന സൽത്തനത്ത്, മുഗൾ രാജവംശങ്ങളുടെ വളർച്ചയും വ്യാപനവും വിശകലനം ചെയ്യുന്നു.

എ) പീരങ്കിയും വെടിമരുന്നും ഉപയോഗിച്ചതിനാൽ ബാബറുടെ സൈന്യത്തിന് ഇബ്രാഹിം ലോദിയുടെ സൈന്യത്തെ എളുപ്പത്തിൽ പരാജയപ്പെടുത്തുവാൻ കഴിഞ്ഞു. (2)

ബി) അക്ബർ വലിയ ഒരു സൈന്യത്തെ രൂപീകരിച്ചു. ഓരോ ഉദ്യോഗസ്ഥനും തന്റെ കീഴിൽ നിശ്ചിത എണ്ണം സൈനികരെ നിലനിർത്തി.(മൻസബ്ദാരി സമ്പ്രദായം എന്നെഴുതിയാലും സ്കോർ കൊടുക്കാം) രജപുത്രന്മാർക്ക് ഭരണത്തിൽ പ്രധാന പദവികൾ നൽകി. (ഏതെങ്കിലും രണ്ടെണ്ണം) (2)

സി) മുഹമ്മദ് ബിൻ തുഗ്ലക്ക് (1)

**പ്രവർത്തനം : 2**

**പഠനനേട്ടം :-**

ഭൂമിശാസ്ത്ര സവിശേഷതകൾ ഭരണകൂടങ്ങളുടെ വളർച്ചയെ സ്വാധീനിച്ചത് എങ്ങനെയെന്ന് വിലയിരുത്തുന്നു.

എ) വിന്ധ്യ-സത്പുര പർവതങ്ങളും നർമദ - താപ്തി നദികളും മറാത്ത പ്രദേശത്തെ സമീപ പ്രദേശങ്ങളിൽ നിന്നും വേർതിരിച്ചു. ഇത് മറാത്ത പ്രദേശത്തിന് പ്രകൃതിദത്തമായ സംരക്ഷണം നൽകി. (3)

ബി) ശിവജി (1)

സി) പൂനെ (1)

**പ്രവർത്തനം : 3**

**പഠനനേട്ടം :-**

മധ്യകാല ഇന്ത്യ, വിജ്ഞാന രംഗത്ത് കൈവരിച്ച പുരോഗതി വിശദമാക്കുന്നു.

എ) മധ്യകാല ഇന്ത്യയിൽ നിരവധി വിദ്യാ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഈ വിദ്യാകേന്ദ്രങ്ങളിൽ അറിവ് തേടിയെത്തി. ബനാറസ്, ആഗ്ര, ലാഹോർ, കാഞ്ചി, മഥുര, ഡൽഹി എന്നിവിടങ്ങളിലെ വിദ്യാകേന്ദ്രങ്ങൾ ഇവയിൽ ശ്രദ്ധേയമായിരുന്നു.

ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിജ്ഞാനശാഖകൾ അക്കാലത്ത് പുരോഗതി നേടി
ഭാസ്കരാചാര്യർ രചിച്ച **ലീലാവതി** ശ്രദ്ധേയമായഗണിതശാസ്ത്ര ഗ്രന്ഥമായിരുന്നു.
ജയ്പൂർ , ഡൽഹി ,ഉജ്ജയിനി , ബനാറസ് എന്നിവിടങ്ങളിൽ വാനനിരീക്ഷണ
കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. (ഏതെങ്കിലും മൂന്നെണ്ണം) (3)

**ബി)** ചതുരംഗം
പഞ്ചതന്ത്രകഥകൾ
സംഖ്യാ ശാസ്ത്രം
(ഏതെങ്കിലും രണ്ടെണ്ണം) (2)

**പ്രവർത്തനം : 4**

**പഠനനേട്ടം :-**

ചരിത്ര സ്രോതസ് എന്ന നിലയിൽ യാത്രാ വിവരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു.

**എ)** ഉല്പാദനകേന്ദ്രങ്ങളെയും ചന്തകളെയും കേന്ദ്രീകരിച്ചാണ് നഗരങ്ങൾ വളർന്നുവന്നത്.
ധാക്ക , പൈത്താൻ, കാഞ്ചീപുരം , ഉറയൂർ , മധുര തുടങ്ങിയവയാണ് നഗരങ്ങൾ
കൈത്തൊഴിലുകാർ, വ്യാപാരികൾ , ഉദ്യോഗസ്ഥർ, പരിചാരകർ, അടിമകൾ
തുടങ്ങിയവരായിരുന്നു നഗരവാസികൾ

(3)

**ബി)**



(2)

**പ്രവർത്തനം : 5**

**പഠനനേട്ടം :-**

കേരളം ഇന്ന് ഭക്ഷ്യ വസ്തുക്കൾക്കായി അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത് എന്ന് കണ്ടെത്തി അവതരിപ്പിക്കുന്നു.

**എ)** കേരളത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ കൂടുതലും മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ്
വരുന്നത്. കേരളത്തിന് ആവശ്യമായ പച്ചക്കറികൾ കൂടുതലും വരുന്നത് തമിഴ്നാട്ടിൽ നിന്നാണ്
(ഏതെങ്കിലും ഒന്ന്,സമാനമായ മറ്റുത്തരങ്ങളും പരിഗണിക്കാം) (1)

**ബി)** ഓരോ കുടുംബവും അവർക്കാവശ്യമുള്ള പച്ചക്കറികൾ വീട്ടു പറമ്പിൽ കൃഷി ചെയ്യുക
വിദ്യാലയത്തിൽ ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ വിദ്യാലയ പരിസരത്തു തന്നെ കൃഷി ചെയ്തുണ്ടാക്കുക, തരിശു നിലങ്ങളിൽ പച്ചക്കറി കൃഷിചെയ്യുക, കാർഷിക വിളകൾക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുക
(ഏതെങ്കിലും രണ്ടെണ്ണം,സമാനമായ മറ്റുത്തരങ്ങളും പരിഗണിക്കാം) (2)

**സി)** വളക്കൂറുള്ള മണ്ണ് മഴയുടെ ലഭ്യത ജലസേചന സൗകര്യം അനുയോജ്യമായ കാലാവസ്ഥ
(ഏതെങ്കിലും രണ്ടെണ്ണം) (2)

പ്രവർത്തനം : 6

പഠനനേട്ടം : -

മാറുന്ന ജീവിതക്രമത്തിൽ കേരളത്തിന് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദീകരിക്കുന്നു.

എ) പുതിയ തൊഴിൽ മേഖലകൾ വന്നു. പുതിയ തലമുറക്ക് കൃഷിയോട് താൽപര്യം കുറഞ്ഞു. കായികാധ്വാനത്തോട് താൽപര്യ കുറവ് ജീവിതരീതിയിലും ആരോഗ്യസുരക്ഷയിലും മാറ്റങ്ങൾ പുതുതലമുറ രോഗങ്ങളായ ഹൃദ്രോഗം , പ്രമേഹം, രക്ത സമ്മർദ്ദം എന്നിവ വ്യാപകമായി. ഗ്രാമീണ ജീവിതത്തിൽ നിന്ന് നഗരജീവിതത്തിലേക്ക് മാറുന്നു. (ഏതെങ്കിലും മൂന്നെണ്ണം) (3)

ബി) മണ്ണിര കമ്പോസ്റ്റ്
ബയോഗ്യാസ് പ്ലാന്റ്
ജൈവവള നിർമാണം
(ഏതെങ്കിലും രണ്ടെണ്ണം) (2)

പ്രവർത്തനം : 7

പഠനനേട്ടം : -

കേരളത്തിലെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ ഇവയിലെ വൈവിധ്യം കാർഷിക വൈവിധ്യത്തിന് കാരണമായി എന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

എ) നെല്ല്, തെങ്ങ് (2)

ബി) എക്കൽ മണ്ണ്, ഉപ്പു രസമുള്ള എക്കൽ മണ്ണ്
(ഏതെങ്കിലും ഒന്ന്) (1)

സി) തീരപ്രദേശ മേഖലകൾ കാലക്രമേണ ജനവാസ കേന്ദ്രങ്ങളായി മാറാൻ തുടങ്ങി. ഇത് കൃഷിഭൂമിയുടെ അളവിൽ കാര്യമായ കുറവുണ്ടാക്കി. വിത്ത് , വളം തുടങ്ങിയവയിലെ വിലവർദ്ധനവ് കൃഷി ആദായകരമല്ലാതാക്കി. (ഏതെങ്കിലും രണ്ട്) (2)

പ്രവർത്തനം : 8

പഠനനേട്ടം : -

സാമ്പത്തിക ശാസ്ത്രത്തിലെ ഉൽപാദനം,ഉല്പന്നം എന്നീ ആശയങ്ങൾവിശദീകരിക്കുന്നു.

എ) മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാധനങ്ങളും സേവനങ്ങളും നിർമിക്കുന്ന പ്രവൃത്തിയാണ് ഉല്പാദനം. ഉല്പാദന ഫലമായി ലഭിക്കുന്നതാണ് ഉല്പന്നം (3)

ബി)അനുയോജ്യമായ മരങ്ങൾ കണ്ടെത്തുക
പൾപ്പ് നിർമ്മാണം
കടലാസ് ഉല്പാദനം
പുസ്തക നിർമ്മാണം
അച്ചടി
ബൈൻഡിംഗ്
ഗതാഗതം
(ഏതെങ്കിലും രണ്ടെണ്ണം) (2)